# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *42 – 29/05/2019 - ലെ മറുപടിക്ക്

## കുറഞ്ഞ പലിശ നിരക്കിൽ അടിസ്ഥാന ആവശ്യങ്ങൾക്ക് വായ്പ

ചോദ്യം

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ
ശ്രീ. വി.ആർ. സുനിൽ കുമാർ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വീട്, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്കായി സാധാരണക്കാർക്കും ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്കും ഉയർന്ന പലിശ നിരക്കിൽ വായ്പ എടുക്കേണ്ടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | അതാത് ബാങ്കുകൾ അവരുടെ വായ്പാനയ പ്രകാരം ബാങ്കുകളുടെ നിയമാവലിക്കനുസൃതമായി നിജപ്പെടുത്തിയ പലിശ നിരക്കിലാണ് വിവിധ വായ്പകൾ നൽകുന്നത്. പലിശ നിരക്കും അടക്കേണ്ട മാസതവണകളും ഉപഭോക്താവിനെ ബോധ്യപ്പെടുത്തിയ ശേഷമാണ് ബാങ്കുകൾ വായ്പ അനുവദിക്കാറുള്ളത്. |
| ബി | ഇത്തരത്തിൽ ഉയർന്ന പലിശയ്ക്ക് വായ്പയെടുക്കുമ്പോൾ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് തിരിച്ചടവ് മുടങ്ങുന്നതിനുള്ള സാധ്യത വളരെയേറെയാണെന്നും ജപ്തി ഭീഷണിയും മറ്റും മുഖേന അവരുടെ ജീവിതം വഴിമുട്ടുന്ന അവസ്ഥയിൽ എത്തുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| സി | സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങൾക്ക് ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ അടിസ്ഥാന ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാകുന്ന സംവിധാനം ഒരുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | അർഹരായ സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 4% പലിശ നിരക്കിൽ ഡി.ആർ.ഐ പദ്ധതി (Differential Rate of Interest Scheme) പ്രകാരം വാണിജ്യ ബാങ്കുകൾ വായ്പ നൽകിവരുന്നുണ്ട്. |

| | | |
|---|---|---|
| ഡി | മൂന്ന് തവണ തിരിച്ചടവ് മുടങ്ങുമ്പോൾ സർഫാസി നിയമ പ്രകാരമുള്ള ജപ്തി നടപടികൾ മനുഷ്യത്വരഹിതമായി സ്വീകരിച്ച് സാധാരണക്കാരുടെ ജീവൻ പോലും നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള അവസ്ഥ സൃഷ്ടിക്കാതിരിക്കുന്നതിന് കൈക്കൊള്ളുന്ന നടപടികൾ വിശദമാക്കുമോ? | സർഫാസി നിയമം കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന ഒരു നിയമനിർമ്മാണമായതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതികളുണ്ട്. എന്നിരുന്നാലും പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസിലാക്കിയിട്ടുണ്ട്. ഇതിന്റെ കൂടി പശ്ചാത്തലത്തിലാണ് സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് കേരള നിയമസഭ 2017 ആഗസ്റ്റ് 21 ലെ പ്രമേയം മുഖേന ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ടുള്ളത്. ടി പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31 -ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിന് 20.11.2017 ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാവർക്കും കിടപ്പാടം ഉറപ്പാക്കുന്നതിനുള്ള പരിശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിട്ടുള്ളത്. അതിനാൽ കടബാദ്ധ്യതയുടെ പേരിൽ നിലവിലുള്ള കിടപ്പാടം ജപ്തി ചെയ്യുന്ന സമീപനം സർക്കാരിന് സ്വീകാര്യമല്ല എന്ന വിവരവും SLBC യെയും മറ്റും ആവർത്തിച്ച് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ